**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -4243** 24.06.2019-ലെ മറുപടി

## കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | (എ) | കേരള വാട്ടർ അതോറിറ്റി വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് അതോറിറ്റിയുടെ തന്നെ പ്രത്യേക ഗുണനിലവാര പരിശോധനാ വിഭാഗം നിലവിലുണ്ട്. സ്റ്റേറ്റ് റെഫെറൽ ഇൻസ്റ്റിറ്റ്യൂട്ട് പദവിയോടു കൂടിയ കൊച്ചിയിലെ സെൻട്രൽ ലബോറട്ടറി, മൂന്നു ഡിവിഷണൽ ലബോറട്ടറികൾ, പതിനാലു ജില്ലാ ലാബുകൾ എന്നിവ ഉൾപ്പെടുന്നതാണ് അതോറിറ്റിയുടെ ഗുണനിലാവാര പരിശോധനാ വിഭാഗം. ഇവിടങ്ങളിലെല്ലാം തന്നെ വാട്ടർ അതോറിറ്റി സ്കീമുകളിൽ നിന്നും കൃത്യമായ ഇടവേടകളിൽ പരിശോധനാ വിഭാഗം സംഭരിക്കുന്ന സാമ്പിളുകൾ പരിശോധന നടത്താറുണ്ട്. കൂടാതെ പൊതുജനങ്ങൾ കൊണ്ടു വരുന്ന സാമ്പിളുകളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. കേന്ദ്ര പദ്ധതിയായ NRDWP യുടെ ഭാഗമായി മുപ്പത്തിമൂന്നു ഉപജില്ലാ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. വാർഡ് സർവ്വേ യുടെ ഭാഗമായി സംഭരിക്കുന്ന സാമ്പിളുകൾ ഇവിടെ പരിശോധിക്കുന്നു. ഇതിനെല്ലാം പുറമേ പ്രളയം. വരൾച്ച, പകർച്ചവ്യാധി വ്യാപനം തുടങ്ങിയ അടിയന്തിര ഘട്ടങ്ങളിൽ താത്ക്കാലിക ലാബുകളും ആവശ്യമുള്ള സ്ഥലങ്ങളിൽ സജ്ജീകരിച്ചു കുടിവെള്ള ഗുണനിലവാര പരിശോധന നടത്താറുണ്ട്. |
| (ബി) | സംസ്ഥാനത്ത് കൂടുതൽ പരിശോധനാ ലാബുകൾ സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) | ഇത് പരിശോധിക്കാവുന്നതാണ്. |

Renuka Sankar

**സെക്ഷൻ ഓഫീസർ**